**കേരള സർക്കാർ**

**തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്**

നം. 20094/ഡി.എ1/2010/തസ്വഭവ തിരുവനന്തപുരം, തീയതി: 20.03.2010

## സർക്കുലർ

വിഷയം:- 2010-11 വാർഷിക പദ്ധതി - അംഗീകാര നടപടികൾ പൂർത്തിയാക്കൽ - നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന:- 1. സ.ഉ.(എം.എസ്) നം.257/2009/തസ്വഭവ; തീയതി 30.12.2009.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 17.03.2010-ലെ യോഗതീരുമാനം (ഇനം 1.3).

സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ നിർവഹണ നടപടികൾ ആരംഭിക്കാൻ കഴിയുംവിധം 2010-11 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള നടപടിക്രമങ്ങൾ സൂചന ഉത്തരവ് പ്രകാരം നിശ്ചയിച്ചിരുന്നുവെങ്കിലും വളരെ ചുരുക്കം ചില തദ്ദേശഭരണ സ്ഥാപനങ്ങൾ മാത്രമെ ഇതുവരെ വാർഷിക പദ്ധതി അന്തിമമാക്കി ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിന്റെ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടുള്ളൂ. ഈ വർഷം അംഗീകാരം നേടുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി അടുത്ത വർഷത്തെ ബജറ്റിന്റെ ഭാഗമാക്കേണ്ടതുണ്ട്. ബജറ്റ് അന്തിമമാക്കുന്നതിനുമുമ്പ് വാർഷിക പദ്ധതിയുടെ അംഗീകാര നടപടികൾ പൂർത്തിയായെങ്കിൽ മാത്രമെ അംഗീകരിക്കപ്പെട്ട വാർഷിക പദ്ധതി ഇപ്രകാരം ബജറ്റിന്റെ ഭാഗമാക്കാൻ കഴിയുകയുള്ളൂ. അതുപോലെ പുതിയ സാമ്പത്തിക വർഷം ആരംഭിച്ചതിനുശേഷം സ്പിൽഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്താതെ വാർഷിക പദ്ധതി അംഗീകരിക്കുന്ന നടപടിയും ഉചിതമല്ല. ഈ സാഹചര്യത്തിൽ 2010-11 വാർഷിക പദ്ധതിയുടെ അംഗീകാര നടപടികൾ പൂർത്തിയാക്കുന്നത് സംബന്ധിച്ച് സർക്കാർ ചുവടെ പ്രതിപാദിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) 2010-11 വാർഷിക പദ്ധതിക്ക് ഈ വർഷം അംഗീകാരം നേടുന്നതിന് ഉദ്ദേശിക്കുകയാണെങ്കിൽ 2010 മാർച്ച് 23-നകം ടി.എ.ജി.ക്ക് സമർപ്പിച്ച് മാർച്ച് 27-നകം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടണം.

(2) 2010 മാർച്ച് 23-നകം പദ്ധതി സമർപ്പിക്കാൻ കഴിയാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ മാർച്ച് 23-നുശേഷം പുതിയ പ്രോജക്ടുകൾ മാത്രമായി സമർപ്പിക്കേണ്ടതില്ല. അത്തരം സ്ഥാപനങ്ങൾ പുതിയ സാമ്പത്തിക വർഷം ആരംഭിച്ചതിനുശേഷം സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പൂർണ്ണമാക്കി സമർപ്പിച്ചാൽ മതിയാകും. മാർച്ച് 27-നകം അംഗീകാരം നേടുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ പുതിയ സാമ്പത്തിക വർഷം ആരംഭിച്ചതിനുശേഷം സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പുനഃക്രമീകരിച്ച് സമർപ്പിക്കണം. ഇപ്രകാരം വാർഷിക പദ്ധതി പൂർണ്ണമാക്കി 2010 ഏപ്രിൽ 22-നകം ടി.എ.ജി.ക്ക് സമർപ്പിക്കുകയും ഏപ്രിൽ 30-നകം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടുകയും വേണം.

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
8 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
9 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
10 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
11 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
12 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
13 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
14 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
15 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
17 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
18 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
19 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും
20 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
21 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
22 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
23 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
24 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
25 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
26 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
27 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
28 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
29 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
30 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
31 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:–

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്